Reg. No. 101, M. 2293 ഒററപ്രതിക്കു 2 ണ.

# സത്യദീപം

"ഞാൻ ലോകത്തിൻെറ ദീപമാകുന്നു; എന്നെ അനുഗമിക്കുന്നവൻ അന്ധകാരത്തിൽ നടക്കുന്നില്ല."

പുസ്തകം 23 | 1125 കർക്കടകം 24—ബുധനാഴ്ചതോറും പ്രസിദ്ധപ്പെടുത്തുന്നതു്—എറണാകുളം 1950 ആഗസ്റ്റ് 9 | ലക്കം 48

## നിങ്ങളുടെ ഇടവകയിൽ ഒരു സെൻറ് വിൻസെൻറ് ഡി പോൾ കോൺഫറൻസ് തുടങ്ങേണ്ടതെങ്ങനെ?

(കെ. ററി. സെബാസ്റ്റ്യൻ ബി. എ.)

കേരളക്കരയിൽ ഇന്നു വിൻസെൻഷ്യൻ പ്രവർത്തനങ്ങൾ ശക്തിപ്പെടുത്തേണ്ടതിൻെറ ആവശ്യകത പലർക്കും ബോദ്ധ്യമായിട്ടുണ്ട്. കുറേ കാലത്തേക്കെങ്കിലും നമ്മുടെ സമുദായനേതാക്കന്മാർ ആവേശജനകങ്ങളായ മൈതാനപ്രസംഗങ്ങൾ നിറുത്തിവച്ച് വിൻസെൻറ് ഡി പോൾ സഖ്യം പോലെയുള്ള ദീനജനോദ്ധാരണസംഘടനകൾവഴി സൃഷ്ടിപരമായ പ്രവർത്തനങ്ങളിൽ ഏർപ്പെട്ടിരുന്നെങ്കിൽ! "ഇന്നത്തെ കാലസന്ധിയിൽ പ്രസംഗങ്ങളെക്കാൾ ആവശ്യം പ്രവർത്തനങ്ങൾക്കാണ്" എന്ന യാഥാർത്ഥ്യം മനസ്സിലാക്കിയതിൻെറ ഫലമായിട്ടാണ് ഫ്രെഡറിക്ക് ഒസ്സനാം 1833-ൽ സെൻറ് വിൻസെൻറ് ഡി പോൾ സഖ്യം കെട്ടിപ്പടുപ്പിച്ചതു്.

എല്ലാ ഇടവകകളിലും ഓരോ വിൻസെൻഷ്യൻ കോൺഫറൻസ് ഉണ്ടായിരിക്കേണ്ടതിൻെറ ആവശ്യകതയെ സംബന്ധിച്ച് ഇപ്പോൾ എല്ലാ കത്തോലിക്കർക്കും ഏകദേശം ബോദ്ധ്യമായിട്ടുണ്ട്. പക്ഷേ പുതുതായി ഒരു കോൺഫറൻസ് തുടങ്ങേണ്ടതെങ്ങനെയാണെന്നു് പലർക്കും ഒരു എത്തും പിടിയും ഇല്ലാതെയാണിരിക്കുന്നതു്. ഇതു കാരണമായി വിൻസെൻറ് ഡി പോൾ കോൺഫറൻസുകളുടെ പേരിൽ അതിൻെറ സ്വഭാവത്തിനു് ഒട്ടും യോജിക്കാത്ത പ്രവർത്തനങ്ങൾ നടത്തിക്കൊണ്ടുപോരുന്ന പല സംഘടനകളും ഉടലെടുത്തുവരുന്നതായി കാണുന്നു! വളരെ ശോചനീയമായ ഒരവസ്ഥയാണിതു്. പുതുതായി വിൻസെൻറ് ഡി പോൾ കോൺഫറൻസുകൾ തുടങ്ങുവാനാഗ്രഹിക്കുന്നവർക്കു ഒരു മാർഗ്ഗനിർദ്ദേശം നൽകുക മാത്രമാണ് ഈ ലേഖനദ്വാരാ ഉദ്ദേശിക്കുന്നതു്.

ഒരു സ്ഥലത്തു് പുതുതായി ഒരു കോൺഫറൻസ് തുടങ്ങുമ്പോൾ അറിഞ്ഞിരിക്കേണ്ട കാര്യങ്ങൾ സൊസൈററി മാനുവലിൽ എടുത്തു പറഞ്ഞിട്ടുണ്ട്.

(1) കോൺഫറൻസ് പ്രധാനമായും ഉദ്ദേശിക്കുന്നതു് അതിൻെറ പ്രവർത്തകരുടെ ആദ്ധ്യാത്മികക്ഷേമത്തെയാണു്. അതു വളരെയധികം സാധുക്കളുടെ സംരക്ഷണം ഏറെറടുക്കണമെന്നു നിയമം നിർബന്ധിക്കുന്നില്ല. കോൺഫറൻസ് പാവപ്പെട്ടതായാലും സമൃദ്ധിയുള്ളതായാലും ശരി അതിലെ അംഗങ്ങൾ സ്നേഹത്തിൻെറ ചൈതന്യത്തിൽ വർത്തിക്കണം. കോൺഫറൻസിലെ പ്രവർത്തകാംഗങ്ങളുടെ സംഖ്യ സാധാരണഗതിയിൽ ഇരുപതിൽ കൂടുവാൻ പാടില്ല. സ്ത്രീകൾക്കു് അംഗങ്ങളായി അനുക്കൂടാ.

(2) സാധുജനസംരക്ഷണം നടത്തിക്കൊണ്ടുപോരുന്ന മററു സംഘടനകളുമായോ കോൺഫറൻസുകളുമായോ പുതുതായി സ്ഥാപിക്കുന്ന കോൺഫറൻസ് മാത്സര്യത്തിൽ വർത്തിക്കുവാൻ പാടില്ല.

(3) പുതുതായി സ്ഥാപിക്കുന്ന കോൺഫറൻസിനു സ്ഥിരമായ ധനാഗമമാർഗ്ഗങ്ങൾ ഒന്നും ഇല്ലല്ലോ എന്നു് ഓർത്തു് ക്ലേശിക്കേണ്ടതില്ല. ഉദ്ദേശിക്കപ്പെട്ടിട്ടുള്ള ചെലവുകൾക്കനുസൃതമായ വരുമാനം മുൻകൂർ കണ്ടുവയ്ക്കുന്നതു് നല്ലതാണ്. വരവനുസരിച്ച് ചെലവു ചെയ്യുക.



സാധുജനസ്നേഹിതനായിരുന്ന വി. ജോൺ മേരി വിയാന്നിയുടെ തിരുനാൾ ഇന്നാണ്.

(4) കോൺഫറൻസംഗങ്ങൾ ഉത്തമ കത്തോലിക്കരായിരിക്കണം. അവർ സഖ്യനിബന്ധനകൾ ശരിക്കു പഠിച്ചിരിക്കണം. കോൺഫറൻസിൻെറ മുൻനടപടികളും ആചാരങ്ങളും അവർ ശരിയായി മനസ്സിലാക്കിയിരിക്കേണ്ടതുണ്ട്.

(5) അതുകൊണ്ട് പുതുതായി ഒരു കോൺഫറൻസ് സ്ഥാപിക്കുവാൻ ആഗ്രഹിക്കുന്നയാൾ ആദ്യമായിത്തന്നെ ഇതിൻെറ നിയമാവലിയും പ്രസിഡൻറ് ജനറൽ അപ്പോഴപ്പോൾ പുറപ്പെടുവിച്ചിട്ടുള്ള സർക്കുലർകളും മററും ഉൾക്കൊള്ളുന്ന മാനുവൽ ശരിയായി പഠിക്കേണ്ടതുണ്ട്.

[മാനുവലിൻെറ ഇംഗ്ലീഷ് പ്രതികൾ
The S cretary
Society of St. Vincent de Paul
64 Grafton street, Dublin
എന്ന വിലാസത്തിൽ അപേക്ഷിച്ചാൽ ലഭിക്കുന്നതാണ്. ഒററപ്രതിക്കു് പോസ്റ്റേജ് ഉൾപ്പെടെ 3 ഷില്ലിങ്ങാണ് വില. സൊസൈററിവക ബുള്ളററിനും പ്രസ്തുത വിലാസത്തിൽ അപേക്ഷിച്ചാൽ ലഭിക്കുന്നതാണ്. ബുള്ളററിൻ വാർഷികവരിസംഖ്യ 4 ഷില്ലിങ്ങാണ്.]

(6) തീക്ഷ്ണതയുള്ള ഒരു കത്തോലിക്കനു് ഈ പ്രാരംഭപഠനം ഒരു ബുദ്ധിമുട്ടായി തോന്നുകയില്ല. പഠനത്തിനുശേഷം അദ്ദേഹം, കോൺഫറൻസ് ആരംഭിക്കുവാൻ തന്നെ സഹായിക്കുമെന്നു് പൂർണ്ണബോദ്ധ്യമുള്ള സ്നേഹിതന്മാരോടു് ഈ സഖ്യത്തെക്കുറിച്ച് സംസാരിക്കുകയും അവർക്കു വായിച്ച് മനസ്സിലാക്കുവാനായി നിയമാവലി നൽകുകയും ചെയ്യണം. ഇപ്രകാരം സഹപ്രവർത്തകരായി തെരഞ്ഞെടുക്കപ്പെടുന്നവർ തീക്ഷ്ണതയുള്ള കത്തോലിക്കരായിരിക്കണമെന്നു പ്രത്യേകം പറയേണ്ടതില്ലല്ലോ.

[സൊസൈററി മാനുവൽ ഇതുവരെയായിട്ടും മലയാളത്തിൽ പരിഭാഷപ്പെടുത്തിയിട്ടില്ല. ഇംഗ്ലീഷ് ഭാഷാനഭിജ്ഞർ എന്ന ഏക കാരണംകൊണ്ടു് സഖ്യപ്രവർത്തനത്തിൽ താല്പര്യം ഉള്ളവർക്കു് പ്രവർത്തിക്കുവാൻ അവസരം ലഭിക്കാതെവരുന്നതു് ശോചനീയമാണല്ലോ. എന്നാൽ ഇങ്ങനെയുള്ളവർക്കും സഖ്യത്തിൻെറ പ്രവർത്തകാംഗങ്ങൾ ആയിരിക്കാവുന്നതാണ്. അവരെ ഉദ്ദേശിച്ച് സഖ്യത്തിൻെറ നിയമാവലി (മാനുവൽ അല്ല) മലയാളത്തിൽ പ്രസിദ്ധീകരിച്ചിട്ടുണ്ട്. പ്രസ്തുത പ്രസിദ്ധീകരണം,

മാനേജർ,
മാർ ലൂയിസ് മെമ്മോറിയൽ പ്രസ്സ്,
എറണാകുളം എന്ന വിലാസത്തിൽ അപേക്ഷിച്ചാൽ ലഭിക്കുന്നതാണ്. വില ഒററപ്രതിക്കു് 4 അണയാണ്. എന്നാൽ പ്രസിഡൻറ്, മാനുവലിൽ പ്രതിപാദിച്ചിട്ടുള്ള വസ്തുതകൾ ഇങ്ങനെയുള്ളവരെ ഉദ്ദേശിച്ച് മലയാളത്തിൽ പറഞ്ഞു കൊടുക്കേണ്ടതാണ്.]

(7) പുതുതായി ഒരു കോൺഫറൻസ് തുടങ്ങുന്നവർ പിൻഗാമികൾക്കു് മാതൃകയായിരിക്കേണ്ടതുണ്ട്. അതുകൊണ്ട് അവർക്കു് ഉത്തരവാദബോധം, ഭക്തി, തീക്ഷ്ണത, വിനയം, സൗമനസ്യം, രഞ്ജകമനോഭാവം, പാവങ്ങളോടും സൊസൈററിയോടുമുള്ള സ്നേഹം എന്നീ ഗുണങ്ങളുണ്ടായിരിക്കണം. പ്രായം, സാമൂഹ്യനില, വിദ്യാഭ്യാസം എന്നിവകളിൽ വ്യത്യസ്തരായിരിക്കുന്ന സോദരന്മാർ ഉൾക്കൊള്ളുന്ന ഒരു കോൺഫറൻസിൽ ആത്മാർത്ഥതയും ബാന്ധവവും കൂടുതൽ പ്രകടിപ്പിക്കുവാൻ അവസരം ഉണ്ട്.

(8) ധൃതഗതിക്കാരേയും വലിയ ജോലിത്തിരക്കുള്ളവരേയും പരീക്ഷണാർത്ഥം മാത്രം അംഗങ്ങളായി സ്വീകരിക്കാവുന്നതാണ്.

(9) ഇതു പ്രധാനമായും അല്മായക്കാർക്കായിട്ടുള്ള ഒരു സഖ്യമാണെങ്കിലും കോൺഫറൻസ് മുറപ്രകാരം പ്രവർത്തനം ആരംഭിക്കുന്നതിനു മുമ്പായി സ്ഥലത്തെ വൈദികാനുമതിയും സംരക്ഷണവും ലഭിച്ചിരിക്കേണ്ടതാണ്.

(10) ഈ കോൺഫറൻസിനു് ആത്മീകോപദേഷ്ടാവായി ഒരു വൈദികൻ ഉണ്ടായിരിക്കേണ്ടതാണ്. ചുരുക്കം സ്ഥലങ്ങളിൽ മെത്രാന്മാരും വൈദികരും ഇതിൻെറ ബഹുമാന്യാദ്ധ്യക്ഷന്മാ

